എം.എസ്.എ റസാഖ്

# മക്കൾ മാതാപിതാക്കൾക്ക് അനുഗ്രഹമാകണമെങ്കിൽ

عَنْ عَائِشَةَ رضي الله عنها قَالَتْ: جَاءَتْنِي مِسْكِينَةٌ تَحْمِلُ ابْنَتَيْنِ لَهَا فَأَطْعَمْتُهَا ثَلَاثَ تَمَرَاتٍ فَأَعْطَتْ كُلَّ وَاحِدَةٍ مِنْهُمَا تَمْرَةً وَرَفَعَتْ إِلَى فِيهَا تَمْرَةً لِتَأْكُلَهَا فَاسْتَطْعَمَتْهَا ابْنَتَاهَا فَشَقَّتِ التَّمْرَةَ الَّتِي كَانَتْ تُرِيدُ أَنْ تَأْكُلَهَا بَيْنَهُمَا فَأَعْجَبَنِي شَأْنُهَا فَذَكَرْتُ الَّذِي صَنَعَتْ لِرَسُولِ اللَّهِ صلى الله عليه وسلم فَقَالَ : إِنَّ اللَّهَ قَدْ أَوْجَبَ لَهَا بِهَا الْجَنَّةَ أَوْ أَعْتَقَهَا بِهَا مِنَ النَّارِ (رواه مسلم)

**ആഇശ(റ) പറയുന്നു: 'രണ്ടു പെൺകുട്ടികളെ ചുമന്നുകൊണ്ട് പാവപ്പെട്ട ഒരു സ്ത്രീ എന്റെ അടുത്ത് വന്നു. മൂന്നു കാരക്ക ഞാനവർക്ക് ഭക്ഷിക്കാൻ നൽകി. ഓരോരുത്തർക്കും ഓരോ കാരക്കവീതം അവർ പങ്കിട്ടു നൽകി. ഒരെണ്ണം അവൾ ഭക്ഷിക്കാൻ വേണ്ടി വായിലേക്ക് ഉയർത്തി. അപ്പോഴേക്കും ആ കുട്ടികൾ വീണ്ടും ഭക്ഷണം ആവശ്യപ്പെട്ടു. ഭക്ഷിക്കാൻ ഉദ്ദേശിച്ചിരുന്ന കാരക്ക അവർ രണ്ടു പേർക്കുമായി വീതിച്ചു നൽകി.' ആഇശ(റ) തുടർന്നു പറഞ്ഞു: അവളുടെ കാര്യം എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. പിന്നീട് ഞാനിക്കാര്യം പ്രവാചകനോട് പറയുകയുണ്ടായി. അവിടുന്ന് പറഞ്ഞു: 'ആ കുട്ടികൾ വഴി അല്ലാഹു അവർക്ക് സ്വർഗം അനിവാര്യമാക്കിയിരിക്കുന്നു.' 'അതുവഴി അവളെ നരകത്തിൽനിന്ന് മോചിപ്പിച്ചിരിക്കുന്നു' എന്നാണ് മറ്റൊരു റിപ്പോർട്ടിൽ (മുസ്‌ലിം).**

ജീവിതത്തിന് സൗരഭ്യവും ആനന്ദവും നൽകുന്നവരാണ് മക്കൾ. ജീവിതം സഫലമാകുന്നതും അർഥപൂർണമാവുന്നതും സന്താനലബ്ധിയിലൂടെയാണ്. സന്താനങ്ങൾ ജീവിതത്തിന്റെ അലങ്കാരവും ദൈവദാനവുമാകുന്നു. 'സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിന്റെ അലങ്കാരമാകുന്നു' (*കഹ്ഫ്* 46). മക്കൾ മാതാപിതാക്കൾക്ക് അനുഗ്രഹമാകുന്നു. നബി(സ) അരുളി; 'മനുഷ്യൻ മരിച്ചുപോയാൽ മൂന്ന് കാര്യങ്ങൾ ഒഴികെ അവന്റെ എല്ലാ കർമങ്ങളും ബന്ധം വിഛേദിക്കപ്പെടുന്നു: എന്നെന്നും നിലനിൽക്കുന്ന സ്വദഖ(ദാനധർമം), പ്രയോജനകരമായ വിജ്ഞാനം, അവനു വേണ്ടി പ്രാർഥിക്കുന്ന സൽസന്താനം എന്നിവയാണ് ആ മൂന്നു കാര്യങ്ങൾ' (മുസ്‌ലിം).

മക്കളുടെ പ്രാർഥന മാതാപിതാക്കൾക്ക് ആയുസ്സ് വർധിക്കാനും ഖബ്‌റിൽ പ്രതിഫലം ലഭിക്കാനും സ്വർഗത്തിൽ ഉയർന്ന പദവി നേടാനും കാരണമാകുന്നു. മക്കൾക്ക് ഇസ്‌ലാമിക മര്യാദകൾ പഠിപ്പിക്കണമെന്ന് തിരുമേനി(സ) അരുൾ ചെയ്യുന്നു. നിങ്ങളുടെ മക്കളെ സംസ്കാരസമ്പന്നരാക്കുക. അവർക്ക് നല്ല മര്യാദകൾ പഠിപ്പിക്കുക (ഇബ്നുമാജ). 'നിങ്ങളുടെ മക്കളെയും കുടുംബത്തെയും ഉത്തമ പാഠങ്ങൾ പഠിപ്പിക്കുക. അവർക്ക് ഇസ്‌ലാമിക മര്യാദകളും പഠിപ്പിക്കുക' (മുസന്നഫ് അബ്ദുർറസാഖ്). 'നല്ല കാര്യങ്ങൾ അഥവാ ഇസ്‌ലാം കൽപിച്ച കാര്യങ്ങൾ ചെയ്യാനും വിരോധിച്ച കാര്യങ്ങൾ വർജിക്കാനും മക്കളെ പഠിപ്പിക്കുക. അതവർക്ക് നരകത്തിൽനിന്നുള്ള സംരക്ഷണമാകുന്നു' (ഇബ്നുജരീർ).

ഒരാൾ തന്റെ മകന് സംസ്കാരം പഠിപ്പിക്കുന്നത് ഒരു സ്വാഅ് ദാനം ചെയ്യുന്നതിനേക്കാൾ ഉത്തമമാണ് (തിർമിദി). നല്ല സംസ്കാരത്തേക്കാൾ ഉത്തമമായത് ഒരു പിതാവും മകന് നൽകുന്നില്ല' (തിർമിദി). മകൻ പിതാവിനെ ചീത്ത വിളിക്കുന്നു എന്ന പരാതിയുമായി ഒരാൾ ഖലീഫ ഉമറി (റ)നെ സമീപിച്ചു. ഉമർ(റ) പുത്രനെ വിളിച്ചുവരുത്തി വിവരമന്വേഷിച്ചു. അയാളുടെ പുത്രൻ ഖലീഫയോട് ചോദിച്ചു: 'പിതാവിന് മക്കളോട് ബാധ്യതയില്ലേ?' 'തീർച്ചയായും. നല്ല ഉമ്മയെ തെരഞ്ഞെടുക്കുക, നല്ല പേർ ഇടുക, ഖുർആൻ പഠിപ്പിക്കുക' - ഉമർ(റ) പറഞ്ഞു. 'അമീറുൽ മുഅ്മിനീൻ, ഇതിൽ ഒരു കാര്യവും എന്റെ പിതാവ് എന്റെ കാര്യത്തിൽ ചെയ്തിട്ടില്ല.' മകൻ തുടർന്നു: 'അഗ്നിയാരാധകയായ ഒരു സ്ത്രീയാണ് എന്റെ മാതാവ്. എനിക്ക് പേരിട്ടത് 'കരിവണ്ട്' എന്നാണ്. ദൈവിക ഗ്രന്ഥത്തിൽനിന്ന് ഒരക്ഷരം പോലും എനിക്ക് പഠിപ്പിച്ചുതന്നിട്ടില്ല.' ഇതുകേട്ട ഖലീഫ ഉമർ(റ) പിതാവിനോട് പറഞ്ഞു: 'നിന്റെ മകൻ നിന്നെ ചീത്ത വിളിക്കുകയും അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നുവെന്ന് പരാതി ബോധിപ്പിച്ചുവല്ലോ? പക്ഷേ, അതിനുമുമ്പ് തന്നെ നീ അവന്റെ കാര്യത്തിൽ അനീതി പ്രവർത്തിച്ചിരിക്കുന്നു. നിന്നോട് തെറ്റ് പ്രവർത്തിക്കുന്നതിനു മുമ്പ് തന്നെ അവനോട് നീ കുറ്റം ചെയ്തിരിക്കുന്നു.'

പെൺകുട്ടികൾക്ക് ശിക്ഷണം നൽകി വളർത്തുന്നതിൽ മഹത്തായ പ്രതിഫലമുണ്ടെന്ന കാര്യം നബി(സ) പ്രത്യേകം ഉണർത്തുകയുണ്ടായി. അവിടുന്ന് അരുൾ ചെയ്തു: 'ഒരാൾക്ക് മൂന്ന് സഹോദരിമാരോ രണ്ട് പെൺകുട്ടികളോ ഉണ്ടാവുകയും അവരെ നല്ല നിലയിൽ പരിചരിച്ച് വളർത്തുകയും അവരുടെ കാര്യത്തിൽ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്താൽ അവന് സ്വർഗം പ്രതിഫലമുണ്ട്' (അബൂദാവൂദ്, തിർമുദി).

ഉത്തമ സമൂഹസൃഷ്ടിക്ക് ഉത്തമ പൗരന്മാരെ വാർത്തെടുക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. കുടുംബാന്തരീക്ഷത്തിൽ ഇസ്‌ലാമിക മൂല്യങ്ങളും സംസ്കാരവും അവർ നിലനിർത്തണം. ജന്മം നൽകിയവർ തന്നെ സ്വന്തം മക്കളെ ഉപേക്ഷിക്കുകയും വധിക്കുകയും ചെയ്യുന്ന പ്രവണത നമ്മുടെ സമൂഹത്തിൽ ഏറിവരികയാണ്. തങ്ങളുടെ അപഥ സഞ്ചാരത്തിന് വിഘാതമാകുമ്പോൾ മക്കളെ കൊന്നുകളയുന്ന പിതാക്കളുടെയും മക്കളെ ഉപേക്ഷിച്ചു കാമുകന്റെ കൂടെ ഒളിച്ചോടുന്ന മാതാക്കളുടെയും മക്കളെ ഉപേക്ഷിച്ച് കാമുകിയോടൊപ്പം പാർക്കുന്ന പിതാക്കന്മാരുടെയും എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഏറെ പ്രസക്തമാണീ പ്രവാചകവചനം. ●